പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 4 — 05-03-12-ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ:<br>ശ്രീ.ആർ.രാജേഷ് :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീമതി.കെ.എസ്.സലീഖ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയം തിരുത്തേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്; | (എ) മദ്യനയത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അമിത മദ്യവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ, 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക്, ടൂറിസ്റ്റ് സെന്ററുകളിലുൾപ്പെടെ, ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്ത് നിയമ ഭേദഗതി വരുത്തുകയാണുണ്ടായത്. |
| (ബി) പ്രഖ്യാപിച്ച മദ്യനയത്തിലെ എന്തെല്ലാം കാര്യങ്ങളിലാണ് മാറ്റം വരുത്തിയിട്ടുള്ളത്; | (ബി) 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിനുള്ള 2011-12 വർഷത്തെ മദ്യനയത്തിലെ വ്യവസ്ഥകളിൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. |
| (സി) എന്തെല്ലാം ആശയങ്ങൾ അടങ്ങിയതായിരുന്നു പ്രഖ്യാപിത മദ്യനയം; | (സി) മദ്യത്തെ മുഖ്യ വരുമാന സ്രോതസായി കണക്കാക്കാതെ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി കുറച്ച്, ജനനന്മ ലക്ഷ്യമാക്കിയുള്ള അബ്കാരി നയമാണ് ഈ സർക്കാർ 2011-12 വർഷത്തിൽ പ്രഖ്യാപിച്ചത്. മദ്യത്തിന്റെ അമിത വ്യാപനം തടയുക, മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, അതുവഴി മദ്യപാനാസക്തി കുറയ്ക്കുന്നതിനായി ശക്തമായ ബോധവൽക്കരണത്തിലൂന്നിയ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനം നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് 2011-12 വർഷത്തെ മദ്യനയം. |
| (ഡി) സർക്കാർ ആദ്യം പ്രഖ്യാപിച്ച നയമനുസരിച്ച് നൽകപ്പെട്ട ബാർ ലൈസൻസുകളും സ്വീകരിക്കപ്പെട്ട നടപടികളും പിന്നീട് പ്രഖ്യാപിച്ച മാറ്റങ്ങൾക്ക് അനുസൃതമായി റദ്ദു ചെയ്തിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ